(ബി) ഏകീകൃതബാങ്കിംഗില്ലാത്ത താലൂക്കാശുപത്രികൾ

നെടുമങ്ങാട്, കൊട്ടാരക്കര, കരുനാഗപ്പള്ളി, പത്തനംതിട്ട, ഹരിപ്പാട്, ചെങ്ങന്നൂർ, പുളിങ്കുന്ന്, വൈക്കം, നെടുങ്കണ്ടം, അടിമാലി, പെരുമ്പാവൂർ, കോതമംഗലം, ചാവക്കാട്, ചിറ്റൂർ, മണ്ണാർക്കാട്, പെരിന്തൽമണ്ണ, വൈത്തിരി.

എക്സ്റേ യൂണിറ്റില്ലാത്ത താലൂക്കാശുപത്രികൾ

നെടുമങ്ങാട്, പുളിങ്കുന്ന്, ചെങ്ങന്നൂർ, കോതമംഗലം, വൈത്തിരി, നെടുങ്കണ്ടം, അടിമാലി.

ആംബുലൻസില്ലാത്ത താലൂക്കാശുപത്രികൾ

കൊട്ടാരക്കര, കരുനാഗപ്പള്ളി, പുനലൂർ, അടൂർ, തിരുവല്ല, ഹരിപ്പാട്, മാവേലിക്കര, പുളിങ്കുന്ന്, ചേർത്തല, പാല, കാഞ്ഞിരപ്പള്ളി, ചങ്ങനാശ്ശേരി, വൈക്കം, കൊച്ചി, ആലുവ, പറവൂർ, കോതമംഗലം, മുവ്വാറ്റുപുഴ, കൊടുങ്ങല്ലൂർ, ഇരിങ്ങാലക്കുട, ചാവക്കാട്, വടക്കാഞ്ചേരി, വടകര, കൊയിലാണ്ടി, തലശ്ശേരി, തളിപ്പറമ്പ്, കാഞ്ഞങ്ങാട്, കാസർകോട്.

(സി) സാമ്പത്തിക ലഭ്യതക്കനുസരിച്ച് ഈ സൗകര്യങ്ങൾ ഇല്ലാത്ത ആശുപത്രികളിൽ ഇവ ഏർപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

ഈ ഗവൺമെൻറ് പുറപ്പെടുവിച്ച ഓർഡിനൻസുകൾ

* 121 [123] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം എത്ര ഓർഡിനൻസുകൾ പുറപ്പെടുവിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്ര എണ്ണം ബില്ലായി നിയമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്;

(സി) എത്ര ഓർഡിനൻസുകൾ ഇനിയും നിയമമാക്കാൻ അവശേഷിക്കുന്നുണ്ട്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) 286

(ബി) 28

(സി) 34.

LIBRARY ARCHIVES Kerala Legislative Assembly